# ഇനിയും കടലിൽ കല്ലിടണമോ?

സുനിൽ. സി. എൻ

തൃശ്ശൂർ: കലിതുള്ളിപ്പെയ്യുന്ന കാലവർഷം കേരളത്തിലെ തീരദേശവാസികളുടെ ഉറക്കംകെടുത്തുകയാണ്. മഴ ശക്തിപ്രാപിച്ചതോടെ പതിവുപോലെ തീരപ്രദേശങ്ങൾ കടലാക്രമണത്തിന്റെ പിടിയിലമർന്നു കഴിഞ്ഞു. വീടുകളേറെയും വെള്ളത്തിനടിയിലാണ്. ഒട്ടേറെ വീടുകൾ തകർന്നുപോയിരിക്കുന്നു. കടൽവെള്ളം പറമ്പുകളിൽ കെട്ടിനിൽക്കുന്നതിനാൽ കിണറുകളിൽ ഉപ്പുവെള്ളമാണിപ്പോൾ. ശുദ്ധജലക്ഷാമവും വെള്ളക്കെട്ടും പകർച്ചവ്യാധി ഉണ്ടാക്കുമെന്ന ആശങ്കയും ഒപ്പമുണ്ട്.

ഇത്തവണയും പഴി മുഴുവൻ കടൽഭിത്തിക്കു തന്നെയാണ്. പലയിടത്തും കടൽഭിത്തി കെട്ടിയിട്ടില്ല, ഉള്ളിടത്ത് അറ്റകുറ്റപ്പണി നടത്തിയിട്ടില്ല... അധികൃതർക്കുമേൽ ആരോപണങ്ങളുടെ ശരമെറിയുകയാണ് നാട്ടുകാർ.

ആരോപണങ്ങളിൽ ഏറെയും കഴമ്പുള്ളതുതന്നെയാണ്. മിക്കയിടങ്ങളിലും കടലാക്രമണം രൂക്ഷമായത് ഭിത്തിനിർമ്മാണം പൂർത്തീകരിക്കാതെ നിർത്തിയിടത്താണ്. കടൽഭിത്തിയുടെ ബലമില്ലായ്മയാണ് മറ്റൊരു പ്രശ്നം. ചെറിയ കല്ലുകൾ ഉപയോഗിച്ച് ഭിത്തി നിർമ്മിക്കുന്നത് ബലക്ഷയത്തിന് കാരണമാകുന്നു. പലയിടത്തും അടിച്ചുകയറുന്ന വെള്ളം കല്ലുകൾക്കിടയിലെ മണൽ ഊറ്റിക്കൊണ്ടു പോകുമ്പോൾ കടൽഭിത്തി തകർന്നുപോകുന്നു.

ലക്ഷക്കണക്കിന് രൂപയാണ് കടൽഭിത്തി നിർമ്മാണത്തിനായി ഓരോ വർഷവും ചെലവിടുന്നത്. തീരദേശസംരക്ഷണമെന്നാൽ കടൽഭിത്തി നിർമ്മാണം എന്നതാണ് അവസ്ഥ. മൂന്നുവർഷത്തിലൊരിക്കലെങ്കിലും അറ്റകുറ്റപ്പണി നടത്തേണ്ടതുണ്ട് എന്നതിനാൽ ഭിത്തിനിർമ്മാണം തുടർന്നുകൊണ്ടേയിരിക്കുന്നു.

എന്നിട്ടും കടലാക്രമണഭീഷണി തുടർക്കഥയാകുന്നത് എന്തുകൊണ്ടാണ് എന്ന ചോദ്യം പ്രസക്തമാകുന്നത് ഇവിടെയാണ്. കലിതുള്ളിയെത്തുന്ന കടലിനെ കല്ലു കാട്ടി പേടിപ്പിക്കാനാകുമോ എന്ന സംശയം ഉയരേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ തന്നെ.

കാലവർഷം കടലിന് ക്ഷോഭിക്കാനുള്ള കാലമാണ്. ഈ കാലത്ത് കടൽ കരയിലേക്ക് അടിച്ചുകയറുക തന്നെ ചെയ്യും. 'നെട്ടുവെട്ട്' എന്നു വിളിക്കപ്പെടുന്ന വേലിയേറ്റവും കാലവർഷവും കടലാക്രമണത്തിന് വഴിയൊരുക്കുമെന്നാണ് പഴമക്കാർ പറയുന്നത്. വേലിയേറ്റം മൂലമുള്ള കടലാക്രമണം ശമിക്കാൻ ദിവസങ്ങൾ മതിയെങ്കിൽ കാലവർഷം ഉയർത്തുന്ന കടൽക്ഷോഭം മാസങ്ങൾ കഴിഞ്ഞേ നിലക്കാറുള്ളൂ.

കടൽഭിത്തി കെട്ടി തടയാനാകുന്ന ഒന്നല്ല കടൽക്ഷോഭം. ശക്തമായി കരയിലേക്ക് ആഞ്ഞടിക്കുന്ന തിരകളെ നിയന്ത്രിക്കുക അസാധ്യമാണെന്ന് ആരും സമ്മതിക്കുന്നതാണ്. കടൽഭിത്തി നിലനിൽക്കുന്നിടത്തും കര കടലെടുത്തു പോകുന്നു എന്നത് ഇത് വ്യക്തമാക്കുന്നു. അത്തരം പ്രദേശങ്ങളിൽ കരിങ്കൽ ചീളുകൾ തെറിച്ച് കൂടുതൽ ഭീഷണി ഉയർത്തുന്നുവെന്നതാണ് വസ്തുത.



□ അലകടലിന്റെ ക്ഷോഭം: ചാവക്കാട് നിന്നൊരു ദൃശ്യം

തീരപ്രദേശത്തെ കടലാക്രമണമേഖലകൾ ഏതെല്ലാമെന്ന് വ്യക്തമായി നിർവചിക്കപ്പെട്ടിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ കടപ്പുറം, വാടാനപ്പിള്ളി, ഏങ്ങണ്ടിയൂർ, നാട്ടിക, വലപ്പാട് പഞ്ചായത്തുകൾ, ചാവക്കാട്, കൊടുങ്ങല്ലൂർ താലൂക്കുകൾ എന്നിവിടങ്ങളിലെ ഏതാനും പ്രദേശങ്ങളിൽ കടലാക്രമണം പതിവാണ്. ചാകരയും അഴിമുഖത്തെ ആഴവുമാണ് ഇവിടങ്ങളിൽ കടൽക്ഷോഭത്തിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. പ്രകൃതിയിലെ സ്വാഭാവികമായ പ്രതിഭാസമാണ് കടൽക്ഷോഭം എന്നർത്ഥം. ഇത്തരം മേഖലകളിൽ കടന്നുകയറി താമസമുറപ്പിച്ച് കടൽക്ഷോഭത്തെ കടലാക്രമണമായി ചിത്രീകരിക്കുകയല്ലേ മനുഷ്യൻ ചെയ്യുന്നത്?

തീരപ്രദേശങ്ങളിലെ കൈതക്കാടുകളുടെ നശീകരണവും കടൽക്ഷോഭത്തിന് കാരണമാകുന്നുണ്ട്. വികസനത്തിന്റെ പേരിൽ വ്യാപകമായി കൈതക്കാടുകൾ വെട്ടിമാറ്റിയപ്പോൾ കരയിലേക്ക് കടൽ പടർന്നുകയറുന്നു. കടൽവ്യാപനത്തിന് ചെറിയ ഒരളവിലെങ്കിലും പ്രകൃതി ഒരുക്കിയിരുന്ന തടസ്സമായിരുന്നു കൈതക്കാടുകൾ. തീരപ്രദേശങ്ങളിൽ വ്യാപകമായി കണ്ടുവരുന്ന ചൂളമരങ്ങളും ഇത് സാധ്യമാക്കിയിരുന്നു. കണ്ടൽക്കാടുകളും തീരദേശ പരിസ്ഥിതി പരിപാലനത്തിൽ സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്.

ഒരു ഭാഗത്ത് കടൽ വ്യാപിക്കുമ്പോൾ മറുഭാഗത്ത് കടൽ ഒഴിയുകയും ചെയ്യുന്നു എന്നതും ശ്രദ്ധേയമാണ്. നിരന്തരം ഭൂമിയിൽ നട

(ശേഷം 5-ാം പേജിൽ)

# ഇനിയും കടലിൽ കല്ലിടണമോ?

(ഒന്നാം പേജ് തുടർച്ച)

കുന്ന ഒരു പ്രവർത്തനം തന്നെയാണിത്. തൃശ്ശൂർ ജില്ലയിലെ തിരുവത്രക്ക് തെക്കുള്ള അഴിമുഖത്തും കടപ്പുറം പഞ്ചായത്തിലും കടൽക്ഷോഭമുണ്ടാകുമ്പോൾ നാട്ടിക, തളിക്കുളം ഭാഗത്ത് പലയിടത്തും കര വർദ്ധിച്ചുവരുന്നതായി വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

കടൽഭിത്തി നിർമ്മാണത്തിന് വ്യാപകമായി കല്ലുകൾ ഉപയോഗിക്കുന്നതും പരിസ്ഥിതിക്ക് ഭീഷണി ഉയർത്തുന്നുണ്ട്. വ്യാപകമായ പാറ പൊട്ടിക്കലിനാണ് ഇത് വഴിയൊരുക്കുന്നത്. ഒരു ഭാഗത്ത് അനാവശ്യമായി കല്ല് കടലിൽ ഒഴുക്കിക്കളയുമ്പോൾ മറുഭാഗത്ത് കല്ല് വെട്ടലിലൂടെ പ്രകൃതി സന്തുലനം തന്നെ തകർക്കപ്പെടുകയാണ് ചെയ്യുന്നത്.

ഈ വസ്തുതകളൊന്നും പരിഗണിക്കാതെയാണ് കോടികൾ മുടക്കി കടൽഭിത്തിനിർമ്മാണം പൊടിപൊടിക്കുന്നത്. മറ്റു നിർമ്മാണപ്രവർത്തനങ്ങളിൽ നിന്നും വ്യത്യസ്തമായി ചുരുങ്ങിയ കാലംകൊണ്ടുതന്നെ തകർക്കപ്പെടുമെന്നതിനാൽ ഭിത്തിനിർമ്മാണം പലർക്കും 'കൊയ്ത്തി'നുള്ള അവസരമൊരുക്കുന്നു. കല്ല് കടലിൽ ഒഴുകിപ്പോകുന്നു എന്നതിനാൽ ചെലവിടുന്ന തുകയിൽ കൃത്രിമം കാണിക്കാനും എളുപ്പം! കടൽഭിത്തിയാണ് കടൽക്ഷോഭം തടയാനുള്ള പരിഹാരം എന്നുറച്ചു വിശ്വസിക്കുന്ന നാട്ടുകാരും ഇത് ചോദ്യം ചെയ്യാൻ മുതിരുകയില്ല.

അങ്ങനെ ഈ പ്രക്രിയ തുടർന്നുകൊണ്ടേയിരിക്കുകയാണ്- കടൽക്ഷോഭമെന്ന യാഥാർത്ഥ്യവും 'കടലിൽ കല്ലിടൽ' എന്ന ആചാരവും.